125 (751) മലപ്പുറം ജില്ലാ ടി.ബി. ആശുപത്രിയിലെ ഉപദേശക സമിതി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ ടി.ബി. ആശുപത്രിയിലെ ഉപദേശകസമിതി സമയാസമയങ്ങളിൽ യോഗം കൂടാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) 1998-99 വർഷങ്ങളിൽ ഈ സമിതി എത്ര യോഗം കൂടിയെന്ന് വ്യക്തമാക്കുമോ

(ഡി) സമിതിയുടെ അടുത്ത യോഗം എന്നത്തേയ്ക്ക് കൂടാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഡി) ഉപദേശക സമിതി പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ ജില്ലാകളക്ടർ കൈക്കൊണ്ടുവരുന്നു. പുനഃസംഘടിപ്പിച്ചാലുടൻ യോഗം കൂടാൻ കഴിയുന്നതാണ്.

126 (752) കുത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയുടെ വികസനം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തുപറമ്പ് ഗവൺമെന്റ് ആശുപത്രി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) രോഗികളുടെ തിരക്കനുഭവപ്പെടുന്ന ഈ ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ എക്സ്റേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇത് എന്ന് പൂർത്തിയാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)കുത്തുപറമ്പ് മുനിസിപ്പാലിറ്റി ഈ ആശുപത്രിക്കുവേണ്ടി ഒരു കെട്ടിടപണി നടത്തിവരികയാണ്. പ്രസ്തുത കെട്ടിടത്തിന്റെ പണി മുനിസിപ്പാലിറ്റി പൂർത്തിയാക്കി ആരോഗ്യവകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച നിർദ്ദേശം പരിശോധിക്കുന്നതാണ്.

(സി) എക്സ്റേ പ്ലാന്റ് ഇൻസ്റ്റാൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly